## ഹരിതകേരളം മിഷൻ

### ആരോഗ്യ രക്ഷയ്ക്ക് മാലിന്യമുക്ത പരിസരം

# പെൻസിൽ

## കുട്ടികളുടെ അവധിക്കാല ക്യാമ്പ്
## റിസോഴ്സ് പേഴ്സൺമാർക്കുള്ള കൈപ്പുസ്തകം

# പെൻസിൽ
# കുട്ടികളുടെ അവധിക്കാല ക്യാമ്പ്

ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ 2019-ലെ മധ്യവേനലവധിക്കാലത്ത് **പെൻസിൽ** എന്ന പേരിൽ ദ്വിദിന ക്യാമ്പുകൾ നടത്തുകയാണ്. 2018-ലെ അവധിക്കാലത്ത് നടത്തിയ ജാഗ്രതോത്സവത്തിന്റെ തുടർച്ചയായാണ് **പെൻസിൽ** ക്യാമ്പുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ് എന്നതും പൂർണമായും ഉപയോഗിച്ച് തീർക്കാം എന്നതുമാണ് പെൻസിലിന്റെ സവിശേഷത. മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യുന്ന ശീലം വളർത്താൻ ലക്ഷ്യമിട്ടുള്ള ക്യാമ്പിന് **പെൻസിൽ** എന്ന് പേരിട്ടത് അതിനാലാണ്.

## പെൻസിൽ ക്യാമ്പ് - ലക്ഷ്യങ്ങൾ

1. മാലിന്യങ്ങളെ തരം തിരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും കുട്ടികളുടെ അനുഭവമാക്കി മാറ്റുക.
2. പാഴ് വസ്തുക്കൾ മാലിന്യമായി മാറുന്ന സാഹചര്യം സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.
3. മാലിന്യങ്ങളുടെ അളവ് കുറയ്ക്കൽ, പുനരുപയോഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ എന്നീ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക.
4. മാലിന്യവുമായി ബന്ധപ്പെട്ട വിവിധതരം നിയമലംഘനങ്ങളേയും അവയ്ക്ക് ലഭിക്കാവുന്ന ശിക്ഷകളേയും കുറിച്ച് കുട്ടികളിൽ ധാരണ വളർത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി വളർത്തുകയും ചെയ്യുക.
5. അശ്രദ്ധയോടെയുള്ളതും അശാസ്ത്രീയവുമായ മാലിന്യ പരിപാലനം സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.
6. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലം വളർത്തുക.

## ക്യാമ്പ് നടത്തിപ്പ് സമീപനം

പ്രവർത്തനാധിഷ്ഠിതമായാണ് പെൻസിൽ ക്യാമ്പുകൾ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസംഗങ്ങളും വിവരണാത്മകമായ ക്ലാസുകളും പരമാവധി ഒഴിവാക്കുന്ന രീതിയിലാണ് ക്യാമ്പ് നടത്തേണ്ടത്. സംസ്ഥാനതലം മുതൽ ബ്ലോക്ക് തലം വരെ നടത്തുന്ന പരിശീലന പരിപാടികളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്ന മെന്റേഴ്സ് ക്യാമ്പിലൂടെയും റിസോഴ്സ് പേഴ്സൺമാർക്കും മെന്റേഴ്സ് ടീമിനും പരിശീലനം നൽകും. ഈ പരിശീലന പരിപാടികളിൽ പൂർണമായി പങ്കെടുത്തവർ മാത്രമേ ക്യാമ്പുകൾ നടത്താവൂ. 6, 7, 8, 9 ക്ലാസുകളിലെ കുട്ടികളെയാണ് പെൻസിൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കേണ്ടത്. എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡുകളിലും പെൻസിൽ ക്യാമ്പുകൾ നടത്തണം. കുടുംബശ്രീ ബാലസഭാംഗങ്ങൾ ആണ് ക്യാമ്പുകളിൽ പങ്കെടുക്കേണ്ടത്. 50-60 കുട്ടികളാണ് ഒരു വാർഡ്തല ക്യാമ്പിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നത്. ക്യാമ്പിന് ഔപചാരികമായ ഉദ്ഘാടനം ആവശ്യമില്ല. കുട്ടികളുടെ മഞ്ഞുരുക്കൽ പ്രവർത്തനം തന്നെ ഉദ്ഘാടനമായി മാറ്റണം. സമാപന സമ്മേളനം കഴിയുന്നിടത്തോളം ജനപ്രതിനിധികളെ ക്ഷണിച്ചുവരുത്തി നടത്തണം. കുട്ടികൾ തയ്യാറാക്കുന്ന നിവേദനങ്ങൾ  കൈമാറുകയും ചെയ്യണം.

## ക്യാമ്പ് സംഘാടനം

ഓരോ വാർഡിലും ലഭ്യമായ സ്കൂളുകൾ, അങ്കണവാടികൾ, പൊതുസ്ഥാപനങ്ങളിലെ ഹാളുകൾ, വാടക നൽകാതെ ലഭിക്കുന്ന മറ്റ് ഹാളുകൾ തുടങ്ങിയവയിൽ അനുയോജ്യമായ ഒരു സ്ഥലത്താണ് പെൻസിൽ ക്യാമ്പ് നടത്തേണ്ടത്. പരിശീലന പരിപാടികളുടെ ചെലവുകൾ കില വഹിക്കും. പെൻസിൽ ക്യാമ്പുകളുടെ ചെലവുകൾ പ്രധാനമായും പ്രാദേശിക വിഭവ സമാഹരണത്തിലൂടെയാണ് നിർവ്വഹിക്കേണ്ടത്. സ്വച്ഛ്ഭാരത് ഫണ്ടിലെ ഐ.ഇ.സി. വിഹിതവും, വാർഡ്തല ശുചീകരണത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നുള്ള വിഹിതവും അനുമതി ഉത്തരവുകൾക്ക് വിധേയമായി ചെലവഴിക്കാവുന്നതാണ്. ചക്ക, മാങ്ങ എന്നിവ ധാരാളം ലഭിക്കുന്ന കാലമായതിനാൽ അവ ഉൾപ്പെടുത്തി തയ്യാറാക്കുന്ന നാടൻ വിഭവങ്ങളാണ് കുട്ടികൾക്ക് ഭക്ഷണമായി നൽകേണ്ടത്. രക്ഷാകർത്താക്കളുടെ നേതൃത്വത്തിൽ ഭക്ഷണം തയ്യാറാക്കി നൽകണം.

കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരും മെന്റേഴ്സും ആണ് വാർഡുകളിൽ പെൻസിൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകേണ്ടത്.

അദ്ധ്യാപകർ/റിട്ടയേർഡ് അദ്ധ്യാപകർ എന്നിവരുടെ സേവനം തേടാം. പക്ഷേ അവർ ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ പരിശീലന പരിപാടികളിൽ പൂർണ്ണമായി പങ്കെടുത്തവരാണെന്ന് ഉറപ്പുവരുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാർഡ്തല ക്യാമ്പുകൾ ആസൂത്രണം ചെയ്യണം.

2019 മെയ് 5 നും 20 നും ഇടയിലാണ് വാർഡ്തല പെൻസിൽ ക്യാമ്പുകൾ നടത്തേണ്ടത്. ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികളെ വാർഡിന്റെ ശുചിത്വ അംബാസിഡർമാരാക്കുന്ന തുടർ പ്രവർത്തനം ആസൂത്രണം ചെയ്യണം. പെൻസിൽ ക്യാമ്പുകളുടെ തുടർ പ്രവർത്തനങ്ങൾ ബാലസഭയുടെ നേതൃത്വത്തിൽ നടക്കുന്നു എന്ന് കുടുംബശ്രീ ബാലസഭാ കൺവീനർ ഉറപ്പുവരുത്തണം.

**പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.**

**പരിശീലനങ്ങൾ**

| | | |
|---|---|---|
| 1. സംസ്ഥാനതലം | – | 2019 ഏപ്രിൽ 10, 11 – SHSRC, തൈക്കാട്, തിരുവനന്തപുരം |
| കുടുംബശ്രീ | – | 4 x 14 = 56 (എല്ലാ ജില്ലകളിൽ നിന്നും 2 പേർ വീതം) |
| കില | – | 2 x 14 = 28 (എല്ലാ ജില്ലകളിൽ നിന്നും 2 പേർ വീതം) |
| ഹരിതകേരളം മിഷൻ | – | 2 x 14 = 28 (എല്ലാ ജില്ലകളിൽ നിന്നും 2 പേർ വീതം) |
| ആകെ | – | 112 |

| | | |
|---|---|---|
| 2. ജില്ലാതലം | – | 2019 ഏപ്രിൽ 25 മുതൽ 30 വരെ (ജില്ലാ കേന്ദ്രങ്ങളിൽ) |
| ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2 പേർ വീതം | – | 941 x 2 = 1882 |
| മുനിസിപ്പാലിറ്റികളിൽ നിന്ന് 3 പേർ വീതം | – | 87 x 3 = 261 |
| കോർപ്പറേഷനുകളിൽ നിന്ന് 5 പേർ വീതം | – | 6 x 5 = 30 |
| ആകെ | – | 2173 |

3. ബ്ലോക്ക്തല പരിശീലനം - 2019 ഏപ്രിൽ 29 മുതൽ മെയ് 2 വരെ (ബ്ലോക്ക് കേന്ദ്രങ്ങളിൽ)

ഓരോ ഗ്രാമപഞ്ചായത്ത് വാർഡിൽ നിന്നും 2 പേർ വീതം- 2 x 15962 =31924

മുനിസിപ്പാലിറ്റി വാർഡിൽ നിന്നും 3 പേർ വീതം - 3 x 3113 = 9339

കോർപ്പറേഷൻ വാർഡിൽ നിന്നും 5 പേർ വീതം - 5 x 414 = 2070

ആകെ - 43333

4. തദ്ദേശ സ്വയംഭരണ സ്ഥാപനതല മെന്റേഴ്സ് ശില്പശാല (ഏകദിനം) - 2019 മെയ് 2 മുതൽ 5 വരെ (തദ്ദേശ സ്വയംഭരണ സ്ഥാപന കേന്ദ്രങ്ങളിൽ)

ഓരോ ഗ്രാമപഞ്ചായത്ത് വാർഡിൽ നിന്നും 5 പേർ വീതം - 5 x 15962 = 79810

ഓരോ മുനിസിപ്പാലിറ്റി വാർഡിൽ നിന്നും 5 പേർ വീതം - 5 x 3113 = 15565

ഓരോ കോർപ്പറേഷൻ വാർഡിൽ നിന്നും 5 പേർ വീതം - 5 x 414 = 2070

ആകെ - 97445

## മുന്നൊരുക്കങ്ങൾ

1. 6,7,8,9 ക്ലാസുകളിലെ കുട്ടികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഓരോ വാർഡിലേയും ബാലസഭാംഗങ്ങളിൽ നിന്നും ഈ പ്രായ പരിധിയിൽ വരുന്ന കുട്ടികളെ (12 മുതൽ 15 വരെ പ്രായം) മുൻകൂട്ടി കണ്ടെത്തി ക്യാമ്പിലേയ്ക്ക് ഉറപ്പാക്കണം. പങ്കെടുക്കുന്ന കുട്ടികൾ 2 ദിവസവും ആദ്യവസാനം ക്യാമ്പിൽ പങ്കെടുക്കും എന്ന് ഉറപ്പുവരുത്തണം.
2. വാർഡിലെ അയൽക്കൂട്ട അംഗങ്ങളിൽ തയ്യൽ അറിയാവുന്ന രണ്ടോ മൂന്നോ പേരെ കണ്ടെത്തി ക്യാമ്പ് നടക്കുന്ന സ്ഥലത്ത് അവരുടെ സേവനം ഉറപ്പാക്കണം.
3. കുട്ടികൾ കൊണ്ടുവരുന്ന പഴയ തുണികൾ ഉപയോഗിച്ച് സഞ്ചികൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ഉണ്ടാക്കുന്നതിന് ആവശ്യമായ തയ്യൽ മെഷീനുകൾ ക്യാമ്പ് സ്ഥലത്ത് ഒരുക്കണം.
4. കുട്ടികൾക്ക് നൽകാനുള്ള ബാഡ്ജ് തയ്യാറാക്കി വയ്ക്കണം. ആലില, പ്ലാവില, പഴയതുണികൾ ഒട്ടിച്ചുചേർത്തത് എന്നിവ ആകാം.

5. ജൈവ അജൈവ പാഴ് വസ്തുക്കൾ (കൗതുക വസ്തുക്കൾ ഉണ്ടാക്കാൻ അനുയോജ്യമായവ) ക്യാമ്പ് സ്ഥലത്ത് ലഭ്യമാക്കണം. പഴയ തുണികൾ വിവിധതരം പ്ലാസ്റ്റിക്, കടലാസ്, കാർഡ് ബോർഡ് തടിക്കഷണങ്ങൾ, ചിരട്ട തുടങ്ങി വ്യത്യസ്ത വസ്തുക്കൾ ഉണ്ടാവണം.
6. കുട്ടികൾക്ക് നൽകാനുള്ള a) പഴം/മാങ്ങ/ഓറഞ്ച് b) മിഠായി
7. കുട്ടികൾക്ക് എഴുതാനുള്ള ബുക്ക്, പെൻസിൽ/പേന എന്നിവ നൽകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവ
8. കുട്ടികളോടൊപ്പം ഭവന സന്ദർശനത്തിന് പോകുമ്പോൾ സഹായിക്കാനുള്ള അംഗങ്ങൾ
9. Mentors Team (പഞ്ചായത്ത്/നഗരസഭ തലത്തിൽ ഒരു ദിവസത്തെ പ്രത്യേക ക്യാമ്പ് നടത്തി മെന്റേഴ്സ് ടീമിനെ തയ്യാറാക്കണം).
10. ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പെട്ടികൾ (കാർഡ്ബോർഡ് കൊണ്ടുള്ള പെട്ടികളിൽ തുണി ഒട്ടിച്ച് എടുത്താൽ മതിയാവും). ജൈവ മാലിന്യം അജൈവ മാലിന്യം എന്നിവ രേഖപ്പെടുത്തിയിരിക്കണം.
11. കുട്ടികൾക്ക് ഭക്ഷണം നൽകാനുള്ള ക്രമീകരണങ്ങൾ.
12. ചാർട്ട് പേപ്പർ, മാർക്കർ പെൻ, കത്രിക, പശ, പേപ്പർ, ന്യൂസ് പേപ്പർ (50 ഷീറ്റ്)
13. ഗ്ലൗസ് (എല്ലാ ഗ്രൂപ്പിനും ഉപയോഗിക്കാൻ)
14. എം.സി.എഫിൽ നിന്നും കുറച്ച് വസ്തുക്കൾ കൂടി കുട്ടികൾ ശേഖരിക്കുന്ന അജൈവ മാലിന്യത്തോടൊപ്പം ചേർക്കാൻ കരുതണം. വ്യത്യസ്ത സാധനങ്ങളാകാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ക്യാമ്പ് പ്രവർത്തനങ്ങൾ

**ഒന്നാം ദിവസം**

രജിസ്ട്രേഷൻ: രാവിലെ 9.30 ന് ആരംഭിക്കണം (ആലിലയോ, പ്ലാവിലയോ, കുരുത്തോലയോ ബാഡ്ജായി നൽകാം).

കുടുംബശ്രീ നിർമ്മിച്ച തുണിബാഗ് രജിസ്ട്രേഷൻ സമയത്ത് നൽകാം.

**പ്രവർത്തനം 1.**

**മഞ്ഞുരുക്കൽ (Ice breaking)**

**ലക്ഷ്യം**

1. കുട്ടികളുടെ സഭാകമ്പം മാറ്റൽ.
2. ഉപയോഗമുള്ള വസ്തുക്കളെ മാലിന്യമാക്കുന്നത് നമ്മുടെ പ്രവൃ

ത്തികളാണെന്ന് തിരിച്ചറിവ് പകരൽ

3. പാഴ് വസ്തുക്കളെ കൃത്യമായി ശേഖരിച്ച് തരം തിരിച്ച് സൂക്ഷിച്ചാൽ മലിനീകരണ പ്രശ്നം ഒഴിവാക്കാൻ കഴിയും എന്ന സന്ദേശം നൽകൽ.

പെൻസിൽ ക്യാമ്പിനെപ്പറ്റി ചെറു വിവരണം നൽകിയശേഷം എല്ലാവരും ചേർന്ന് ക്യാമ്പ് ഗീതം ആലപിക്കുന്നു. തുടർന്ന് എല്ലാവർക്കും ഒരു ഷീറ്റ് ന്യൂസ് പേപ്പർ നൽകുക. പേപ്പർ നടുവിലൂടെ കുത്തനെ ആദ്യം മടക്കുക. വീണ്ടും നീളത്തിൽ മടക്കുക. മൂന്നാമതും ആവർത്തിക്കുക. തുടർന്ന് പേപ്പർ നിവർത്തി മടക്കുകൾ കാണിക്കുന്ന നടുവിലൂടെയുള്ള ആദ്യമടക്കി ലൂടെ പേപ്പർ കീറുക. ഇതുപോലെ എല്ലാ മടക്കുകളിലൂടെയും താഴോട്ട് കീറുക. തുടർന്ന് ചെറു കഷണങ്ങളായി കീറിയെടുക്കുക. കീറുമ്പോൾ പറയേണ്ടത്.

**വലിയൊരു പത്രം**
**നെടുകെ കീറി**
**പാതികീറി**
**പകുതികീറി**
**കണ്ടം കണ്ടം**
**തുണ്ടം തുണ്ടം**
**തുണ്ടം തുണ്ടം**
**കണ്ടം കണ്ടം**
**പിച്ചിക്കീറി**
**പാറ്റിയെറിഞ്ഞാൽ**
**കീറുകളെത്ര? തുണ്ടുകളെത്ര?**
**ആകാശത്ത് തുമ്പികളെത്ര?**

(എല്ലാവരും ഒരുമിച്ച് പേപ്പർ കഷണങ്ങൾ മുകളിലേയ്ക്ക് എറിയുന്നു. പേപ്പർ തുണ്ടുകളായി മേലോട്ടെറിഞ്ഞാൽ പരിസരം മുഴുവൻ വൃത്തികേടായല്ലോ. അപ്പോൾ ഒരുമിച്ച് പാടാം)

**നോക്കൂ നോക്കൂ കുട്ടികളേ**
**ചപ്പും ചവറും കണ്ടില്ലേ**
**പരിസരമിങ്ങനെ ആയോലോ**
**പകരും പലവിധ രോഗങ്ങൾ**

**ചപ്പും ചവറും എടുക്കുക നാം**
**കുഴികളിലാക്കി മൂടുക നാം**
**എന്തൊരു ഭംഗിയതായിടും**
**നിറയുന്നില്ലേ സന്തോഷം**
ചപ്പുചവറുകൾ പെറുക്കിക്കൂട്ടി കൊട്ടയിലേക്ക് മാറ്റുന്നു.

**പ്രവർത്തനം - 2**
**ജൈവ-അജൈവ മാലിന്യം ഉണ്ടാക്കൽ**
**ലക്ഷ്യം**

1. കുട്ടികൾ ജൈവ-അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നത് എങ്ങനെയെന്ന് നിരീക്ഷിക്കൽ
2. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്ന ശീല വൽക്കരണത്തിലേക്ക് നയിക്കൽ.

മഞ്ഞുരുക്കൽ പ്രവർത്തനത്തിന് ശേഷം കുട്ടികൾക്ക് മിഠായിയും പഴം, ഓറഞ്ച്, മാങ്ങ എന്നിവയിൽ ഏതെങ്കിലും ഒന്നും നൽകണം. (ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും ഉണ്ടാക്കുന്ന രണ്ട് ഇനങ്ങൾ ഉണ്ടാവണം) അവ കഴിച്ചതിനു ശേഷമുള്ള അവശിഷ്ടങ്ങൾ (മിഠായിക്കടലാസ്, ഓറഞ്ച്തോട്, പഴത്തൊലി മുതലായവ)എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് മെന്റേഴ്സ് നിരീക്ഷിക്കണം. ക്യാമ്പ് നടക്കുന്ന സ്ഥലത്ത് കാർഡ് ബോർഡ് കൊണ്ട് നിർമ്മിച്ച രണ്ട് പെട്ടികൾ വെച്ചിട്ടുണ്ടാവണം.

**പ്രവർത്തനം - 3**
**ഗ്രൂപ്പ് തിരിക്കൽ**
**ലക്ഷ്യം**

1. സംഘപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഗ്രൂപ്പുകളാക്കൽ

ഇത് മാമ്പഴക്കാലമാണല്ലോ. വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയുടെ നാലോ എട്ടോ വരികൾ പാടുക. കുട്ടികളെക്കൊണ്ട് പാടിക്കുന്നു. ഇഷ്ടപ്പെട്ട വരികൾ പാടിക്കുന്നു. തുടർന്ന് മാങ്ങയുണ്ടാകണമെങ്കിൽ മാമ്പൂ ഉണ്ടാകണമെന്ന് പറയിക്കുന്നു. മാവ് പൂത്തു എന്ന് ചേർന്ന് പറയിക്കുന്നു. മാവ്പൂത്തു എന്നതിലെ അക്ഷരങ്ങൾ മ, വ, പ, ത വരുന്ന നാല് ഗ്രൂപ്പ് ഉണ്ടാക്കുന്നു.

**പ്രവർത്തനം - 4**

**തരം തിരിക്കൽ**

**ലക്ഷ്യം**

1. ചുറ്റിനും കാണുന്ന പാഴ് വസ്തുക്കളെ തിരിച്ചറിയൽ
2. പാഴ് വസ്തുക്കളെ തരം തിരിക്കാനുള്ള ശേഷി വളർത്തൽ
3. പാഴ് വസ്തുക്കളെ പ്രയോജനപ്രദമായ വസ്തുക്കളാക്കി മാറ്റുന്ന അനുഭവം പകരൽ

4 ഗ്രൂപ്പുകളേയും പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനായി ക്യാമ്പ് നടക്കുന്ന സ്ഥലത്തിന്റെ പരിസര പ്രദേശങ്ങളിലേയ്ക്ക് നയിക്കുന്നു. മെന്റേഴ്സും കുടുംബശ്രീ പ്രവർത്തകരും ടീമുകൾക്ക് വഴികാട്ടാൻ ഒപ്പം ഉണ്ടാകണം. പരിസരത്തുനിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ ഓരോ ഗ്രൂപ്പും ഓരോ സ്ഥലത്ത് കൂട്ടിയിടുന്നു. ആദ്യം ഈ മാലിന്യങ്ങളെ തരംതിരിക്കാൻ നിർദ്ദേശിക്കാം. ഏത് രീതിയിലും തരംതിരിക്കാം. (ജൈവം-അജൈവം, കട്ടിയുള്ളവ, കട്ടി കുറഞ്ഞവ, ഉപയോഗക്രമം അനുസരിച്ച് ........തുടങ്ങി കുട്ടികൾക്ക് ഇഷ്ടപ്പെട്ട രീതിയിൽ തരം തിരിക്കട്ടെ.) തരംതിരിക്കൽ വിശദീകരിക്കാൻ സമയം നൽകണം. തുടർന്ന് അവ ഉപയോഗിച്ച് കൗതുക വസ്തുക്കൾ ഉണ്ടാക്കാം.

**ഗ്രൂപ്പിനോട് ചോദിക്കേണ്ട ചോദ്യങ്ങൾ**

1. ഇതിൽ ഏതാണ് അജൈവ പാഴ്വസ്തുക്കൾ.
2. ഇതിൽ ജൈവ വസ്തുക്കൾ ഏതെല്ലാമാണ്.

ജൈവം-ഭക്ഷണാവശിഷ്ടം, വിസർജ്യവസ്തുക്കൾ, പാഴിലകൾ, ചണ്ടികൾ, മൃതാവശിഷ്ടങ്ങൾ തുടങ്ങിയവ.

അജൈവം-പ്ലാസ്റ്റിക്, ചില്ല്, ലെതർ, റെക്സിൻ, തെർമോക്കോൾ തുടങ്ങിയവ.

അജൈവ സാധനങ്ങൾ കൂടിക്കിടക്കുമ്പോൾ അതിന് വിലയില്ല. എന്നാൽ അത് തരംതിരിച്ച് പ്രത്യേകമായി മാറുമ്പോൾ ഓരോന്നിനും വില കിട്ടുന്നു. അതുപയോഗിച്ച് പുതിയ സാധനങ്ങൾ ഉണ്ടാക്കുന്നു. മുൻകാലത്ത് ജൈവവസ്തുക്കൾ മണ്ണിലിടുമായിരുന്നു. അപ്പോൾ അത് വിഘടിച്ച് മണ്ണായി ചേർന്ന് നല്ല വളമായി മാറുമായിരുന്നു. എന്നാലിപ്പോൾ നമുക്ക് സ്ഥലം കുറവാണ്. അതുകൊണ്ട് മണ്ണിലെറിയാൻ കഴിയുന്നില്ല എന്നീ

ആശയങ്ങൾ ചോദ്യങ്ങളിലൂടെയും വിശദീകരണങ്ങളിലൂടെയും കുട്ടികളിൽ എത്തിക്കുന്നു. (എം.സി.എഫിൽ നിന്നോ മറ്റോ മുൻകൂട്ടി കൊണ്ടുവന്ന് കരുതിവച്ചിട്ടുള്ള വൃത്തിയാക്കിയ വിവിധതരം അജൈവ പാഴ് വസ്തുക്കൾ കുട്ടികൾക്ക് തരം തിരിക്കലിനും കൗതുക വസ്തുക്കളുടെ നിർമ്മാണത്തിനും ലഭ്യമാക്കാവുന്നതാണ്.)

**പ്രവർത്തനം - 5**

**ഈണം നൽകലും സംഘാലാപനവും**

**ലക്ഷ്യം**

1. സംഘ പ്രവർത്തന ശീലം വളർത്തൽ
2. ആത്മവിശ്വാസം വളർത്തൽ
3. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കൽ

ചുവടെ കൊടുത്തിരിക്കുന്ന വരികൾ 4 ഗ്രൂപ്പുകൾക്കും നൽകുന്നു. ഓരോ ഗ്രൂപ്പും വരികൾ അവർക്ക് ഇഷ്ടപ്പെട്ട രീതിയിൽ ഈണം നൽകി അവതരിപ്പിക്കട്ടെ.

**ഒരുതരി ചെറുതരി പലതരി ചേർന്നാൽ**
**ഒരു മല വലിയ മല**
**ഒരു പുഴ ചെറുപുഴ**
**പലപുഴ ചേർന്നാൽ**
**ഒരു കടൽ വലിയ കടൽ**
**മലയും പുഴയും കടലും കായലു-**
**മെന്നും നിൽക്കട്ടെ**
**വിഷമയമാകാതവയെ കാക്കുക**
**നമ്മൾക്കാവശ്യം**

**പ്രവർത്തനം - 6**

**ഭക്ഷണ മാലിന്യം കുറയ്ക്കലും കൈകാര്യം ചെയ്യലും**

**ലക്ഷ്യം**

1. ജൈവമാലിന്യങ്ങളുടെ അളവ് കുറയ്ക്കൽ ശീലമാക്കുന്നു.
2. ജൈവമാലിന്യ സംസ്കരണ രീതികൾ പരിചയപ്പെടുന്നു.

ഭക്ഷണം കഴിക്കുമ്പോൾ പാഴാക്കാതെ നോക്കണമെന്നും കുറഞ്ഞ അളവിൽ ഉണ്ടാകുന്ന ഭക്ഷണ മാലിന്യത്തെ ശരിയായി സംസ്കരിക്കേ

ണ്ടത് എങ്ങനെയെന്നും മനസിലാക്കിക്കൊടുക്കുന്നതിനുള്ള അവതരണം നടത്തണം. തുടർന്ന് ഉച്ചഭക്ഷണത്തിന് പിരിയണം. ഉച്ചഭക്ഷണം കഴിക്കുമ്പോൾ ഭക്ഷണം പാഴാക്കിക്കളയുന്നുണ്ടോ എന്നും ഭക്ഷണാവശിഷ്ടങ്ങൾ ശരിയായ സ്ഥലത്ത് നിക്ഷേപിക്കുന്നുണ്ടോ എന്നും mentors നിരീക്ഷിക്കണം. ഉച്ചഭക്ഷണത്തിന് പിരിയുന്നു.

ഭക്ഷണത്തിന് ശേഷം മിച്ചമുണ്ടാകരുത്. ഭക്ഷണം പാഴാക്കരുത്. വെള്ളം പാഴാക്കരുത്.

**പ്രവർത്തനം - 7**

**ഹരിത നിയമങ്ങൾ**

**ലക്ഷ്യം**

1. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങളെക്കുറിച്ച് കുട്ടികളിൽ ധാരണ വളർത്തൽ.
2. നിയമ ലംഘനങ്ങൾക്കെതിരെ പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ.

ഹരിത നിയമങ്ങൾ സംബന്ധിച്ച ചെറിയ അവതരണം നടത്തണം. ഇതുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ തയ്യാറാക്കിയിട്ടുള്ള അനിമേഷൻ വീഡിയോകൾ പ്രദർശിപ്പിക്കുകയും **ഹരിതകേരളം മലിനമാക്കുന്നവർക്കെതിരെ നമുക്ക് കൈകോർക്കാം** എന്ന കൈപ്പുസ്തകം കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്യണം. പ്രൊജക്ടർ/ലാപ്ടോപ്പ്/ആൻഡ്രോയിഡ് ഫോണുകൾ എന്നിവയിൽ ലഭ്യമായവ ഉപയോഗിച്ച് വീഡിയോ കാണിക്കാവുന്നതാണ്. കുട്ടികൾക്ക് കൈപ്പുസ്തകം ഗ്രൂപ്പ് തിരിഞ്ഞ് വായിക്കാൻ 30 മിനിട്ട് സമയം അനുവദിക്കണം. കൈപ്പുസ്തകത്തിൽ സൂചിപ്പിക്കുന്ന നിയമ ലംഘനങ്ങൾ എവിടെയെങ്കിലും ശ്രദ്ധയിൽ പെട്ടിട്ടുള്ളവ കുട്ടികൾ ചർച്ച ചെയ്യട്ടെ. ഉച്ചയ്ക്ക് ശേഷം ഫീൽഡ് വിസിറ്റിന് പോകുമ്പോൾ സമാനമായ നിയമലംഘനങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തി വരാൻ നിർദ്ദേശം നൽകണം.

**പ്രവർത്തനം - 8**

**മാലിന്യ സംസ്കരണ അവസ്ഥാ പഠനം**

**ലക്ഷ്യം**

1. വീടുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന മാലിന്യ സംസ്കരണ ഉപാധികളെക്കുറിച്ച് അറിവ് നേടൽ

2. മാലിന്യ സംസ്കരണ ഉപാധികൾ കൈകാര്യം ചെയ്യുന്ന രീതി പരിചയപ്പെടൽ
3. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തലും പരിഹാരം തേടലും.

ക്യാമ്പംഗങ്ങളെ ഗ്രൂപ്പുകളാക്കി പ്രാദേശിക നിരീക്ഷണത്തിന് അയയ്ക്കണം. വീടുകളിലും സ്ഥാപനങ്ങളിലും ഒരുക്കിയിട്ടുള്ള മാലിന്യ സംസ്കരണ ഉപാധികൾ, മാലിന്യങ്ങൾ കൂട്ടിക്കലർത്തൽ, കത്തിക്കൽ, വലിച്ചെറിയൽ, പൊതുനിരത്തിലേയ്ക്കും ഓടകളിലേക്കും ഒഴുക്കി വിടൽ തുടങ്ങിയ നിയമലംഘനങ്ങൾ എന്നിവയാണ് നിരീക്ഷിച്ച് രേഖപ്പെടുത്തേണ്ടത്. ഒരു മണിക്കൂർ സമയം ഇതിനായി നീക്കിവയ്ക്കാം. തിരിച്ചെത്തി ഗ്രൂപ്പുകൾ തിരിഞ്ഞിരുന്ന് ശേഖരിച്ച വിവരങ്ങൾ ചർച്ച ചെയ്യണം. രണ്ടാം ദിവസം ഇത് സംബന്ധിച്ച് തയ്യാറാക്കേണ്ട വിവിധ അവതരണങ്ങൾക്ക് ചുമതല നിശ്ചയിക്കണം. ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും എന്തെങ്കിലും ചുമതല ഉണ്ടാവണം.

1. മാലിന്യ സംസ്കരണ ഉപാധികൾ എന്തൊക്കെ
2. മാലിന്യസംസ്കരണ ഉപാധികൾ കൈകാര്യം ചെയ്തിരിക്കുന്ന രീതി
3. മാലിന്യസംസ്കരണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ
4. മാലിന്യങ്ങൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യൽ
5. മാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി തദ്ദേശസ്വയംഭരണ അധ്യക്ഷ(ൻ)യ്ക്ക് കത്തെഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ചുമതല നിശ്ചയിച്ച് പിരിയാം. അടുത്ത ദിവസം പഴയ തുണികൾ കൊണ്ടുവരാൻ നിർദ്ദേശം നൽകണം.

## ഫീൽഡിലേക്ക് പോകുന്നതിന് മുമ്പുള്ള നിർദ്ദേശങ്ങൾ

1. ആ പ്രദേശത്തെ ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി നിരീക്ഷിക്കുകയും അവയെ ഡോക്യുമെന്റ് ചെയ്യുക.
2. ആ പ്രദേശത്ത് അജൈവ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു. നിരീക്ഷിക്കുക, ഡോക്യുമെന്റ് ചെയ്യുക.
3. മാലിന്യ സംസ്കരണ ഉപാധികൾ എന്തൊക്കെയുണ്ട് എന്ന് നിരീക്ഷിക്കുക. ഡോക്യുമെന്റ് ചെയ്യുക.
4. ഫീൽഡുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയിൽ നിന്നും മാലിന്യം കൈകാര്യം ചെയ്യുന്നതിനെ പറ്റി വിവരങ്ങൾ ശേഖരിക്കുക.(ഗ്രൂപ്പിന്റെ മാധ്യമ

ത്തിന് അനുഗുണമാകുന്ന രൂപത്തിൽ).

5. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെടുന്ന നിയമലംഘനങ്ങൾ രേഖപ്പെടുത്തുക.(വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ മുതലായവ).

ഫീൽഡ് സന്ദർശനത്തിന് ശേഷം ക്യാമ്പിലേക്ക് തിരികെ വന്ന കുട്ടികൾ ഗ്രൂപ്പായി ഇരിക്കുകയും അവർ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും ക്രോഡീകരിക്കുകയും ചെയ്യുക. ശേഷം അവർ തിരഞ്ഞെടുത്ത മാധ്യമത്തിലേക്ക് അവ മാറ്റുക. (മെന്റേഴ്സിന്റെ സഹായംകൂടി പ്രയോജനപ്പെടുത്താം).

## മാധ്യമങ്ങൾ

1. ഫോട്ടോസും അതിന്റെ അടിക്കുറിപ്പും.
2. വീഡിയോ ക്ലിപ്പിംഗ് കാണിക്കുക. ഒപ്പം വിശദീകരിക്കുക.
3. പവർപോയിന്റ് പ്രസന്റേഷൻ.
4. പത്രവാർത്ത തയ്യാറാക്കാം.
5. സന്ദർശന റിപ്പോർട്ട് തയ്യാറാക്കൽ.

**പ്രവർത്തനം - 9**

**കുപ്പയിലെ മാണിക്യം**

**ലക്ഷ്യം**

1. പ്ലാസ്റ്റിക്കിനെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ
2. പുനരുപയോഗ ശീലം വളർത്തൽ

പ്ലാസ്റ്റിക്കിനെക്കുറിച്ച് ചെറിയ അവതരണം.

**പ്ലാസ്റ്റിക് ഗ്രേഡ് - 1**

**പോളി എത്തിലിൻ ടെറിതാലേറ്റ് (PET)**

- ബലമുള്ളത്
- സുതാര്യം
- കനത്ത ആഘാതങ്ങളെ അതിജിവിക്കുന്നതും പെട്ടെന്ന് ഉടയാത്തതും
- ഒറ്റത്തവണ ഉപയോഗിക്കാൻ മാത്രം
- മിനറൽ വാട്ടർ കുപ്പികൾ, സോഫ്റ്റ് ഡ്രിംഗ്സ് കുപ്പികൾ, ഫ്രൂട്ട് ജ്യൂസ് കണ്ടെയിനറുകൾ, എണ്ണ കുപ്പികൾ തുടങ്ങിയവ.

**പ്ലാസ്റ്റിക് ഗ്രേഡ് – 2**
**ഹൈഡെൻസിറ്റി പോളി എത്തിലിൻ (HDPE)**

- സുതാര്യത കുറവ്
- പെട്ടന്ന് പൊട്ടുകയില്ല
- താപനിലയെ പ്രതിരോധിക്കാനുള്ള ശേഷി
- ക്ലീനിംഗ് ഏജന്റുകൾ, ഡിറ്റർജന്റുകൾ, സൗന്ദര്യ വർദ്ധന വസ്തുക്കൾ, തുടങ്ങിയവയുടെ കണ്ടയിനറുകൾ, ഓയിൽ കാൻ, കുടിവെള്ള കാനുകൾ, പൈപ്പുകൾ, പ്ലാസ്റ്റിക് ബാഗുകൾ, ഡിസ്ക്ക് ഡ്രൈവുകൾ തുടങ്ങിയവ.

**പ്ലാസ്റ്റിക് ഗ്രേഡ് – 3**
**പോളി വിനൈൽ ക്ലോറൈഡ് (PVC)**

- വൈദ്യുതിയെ പ്രതിരോധിക്കുന്നു
- ബലമുള്ളത്
- എളുപ്പത്തിൽ രൂപം മാറ്റാം
- യൂറിൻ ബാഗ്, സിറിഞ്ച്, ബ്ലഡ് ബാഗ്, വാട്ടർ പൈപ്പ്, മഴക്കോട്ടുകൾ, ഫ്ളക്സ് ബോർഡുകൾ, കളിപ്പാട്ടങ്ങൾ, പെൻസിൽ ബോക്സ്, പേന, ടേബിൾ മാറ്റുകൾ, ജനറൽ ഫ്രെയിമുകൾ, ഫർണിച്ചർ മുതലായവ.

**പ്ലാസ്റ്റിക് ഗ്രേഡ് – 4**
**ലോ ഡെൻസിറ്റി പോളി എത്തിലിൻ (LDPE)**

- ബലമുള്ളത്
- വഴക്കമുണ്ട്
- അർദ്ധ സുതാര്യം
- ഞെക്കുന്ന കുപ്പികൾ, ശീതീകരിച്ച് ഭക്ഷണം സൂക്ഷിക്കുന്ന പാത്രങ്ങൾ, ഗാർഹിക മാലിന്യം ശേഖരിക്കുന്ന ബാഗുകൾ, ബ്രെഡ് ബാഗ് മുതലായവ.

**പ്ലാസ്റ്റിക് ഗ്രേഡ് – 5**
**പോളി പ്രൊപ്പിലീൻ (PP)**

- ദൃഢതയുണ്ട്
- ഫർണിച്ചറുകൾ, വാഹനത്തിന്റെ ഭാഗങ്ങൾ, ഭക്ഷണ പദാർത്ഥം, സൂക്ഷിക്കുന്ന പാത്രങ്ങൾ, മരുന്ന് കുപ്പികൾ, കുപ്പിയുടെ അടപ്പുകൾ,

പാക്കേജിംഗുകൾ, കാർപ്പെറ്റുകൾ, ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങൾ, സ്ട്രോ പാക്കിംഗ് ടേപ്പ് മുതലായവ.

**പ്ലാസ്റ്റിക് ഗ്രേഡ് – 6**
**പോളി സ്റ്റൈറീൻ (PS)**

- നശിക്കില്ല
- സ്പൂൺ, ഡിസ്പോസിബിൾ ട്രേകൾ, കപ്പുകൾ, കളിപ്പാട്ടങ്ങൾ, മുട്ട സൂക്ഷിക്കുന്ന കാർട്ടൺസ്, സി.ഡി., വീഡിയോ കേയ്സസ്, ഡി.വി.ഡി. കേയ്സുകൾ, ഫ്രെയിമുകൾ മുതലായവ

**പ്ലാസ്റ്റിക് ഗ്രേഡ് – 7**
**മറ്റുതരം പ്ലാസ്റ്റിക്കുകൾ**

- ഒന്നിലധികം റെസിനുകൾ ഒന്നിന് മുകളിൽ ഒന്നായി അടുക്കി നിർമ്മിക്കുക
- സി.ഡി., പാൽക്കുപ്പി, പഴച്ചാറിന്റെ കുപ്പി, സോഫ്റ്റ് ഡ്രിംഗിന്റെ ബോട്ടിലുകൾ, ഇൻഫന്റ് ഡ്രിംഗ്സിന്റെ കുപ്പികൾ, കാറിന്റെ പാർട്ടുകൾ, റീയൂസബിൾ ബോട്ടിലുകൾ.

പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നതിലൂടെയും ഉപയോഗശേഷം വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നതിലൂടെയും ഉണ്ടാകുന്ന പാരിസ്ഥിതിക -ആരോഗ്യ പ്രശ്നങ്ങൾ കൂടി സൂചിപ്പിക്കണം. തുടർന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക്, പഴയതുണി എന്നിവകൊണ്ട് നിർമ്മിച്ച് കാണിക്കുക. പാഴ് വസ്തുക്കളായി വലിച്ചെറിയുന്നവയിൽ നിന്ന് വിലപിടിപ്പുള്ള പല വസ്തുക്കളും ഉണ്ടാക്കാമെന്ന് മനസിലാക്കിക്കുന്നു.

## രണ്ടാം ദിവസം

രാവിലെ 9.30 ന് ക്യാമ്പ് തുടങ്ങണം. രണ്ടാംദിനവും കുട്ടികൾക്ക് പഴം/മാങ്ങ/ഓറഞ്ച്+മിഠായി നൽകണം. അവയുടെ തോട്/ തൊലി എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് mentors നിരീക്ഷിക്കണം.

**പ്രവർത്തനം 10**
**ഗ്രൂപ്പ് അവതരണങ്ങൾക്ക് തയ്യാറെടുക്കലും അവതരണങ്ങളും**
**ലക്ഷ്യം**

1. നിലവിലെ ജൈവ അജൈവ മാലിന്യ സംസ്കരണ രീതികൾ മനസിലാക്കുന്നു.

2. പരിസരം മലിനമാകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
3. നിയമ ലംഘനങ്ങൾ പട്ടികപ്പെടുത്തുന്നു.

ഫീൽഡ് വിസിറ്റിന്റെ ഭാഗമായി കണ്ടെത്തിയ വിവരങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ കുട്ടികൾ അവതരിപ്പിക്കുന്നു. നിയമ ലംഘനത്തിനെതിരെ തയ്യാറാക്കിയ നിവേദനങ്ങൾ അവതരിപ്പിച്ച് കൃത്യമാക്കുന്നു. സമാപന സമ്മേളനത്തിൽ വച്ച് ജനപ്രതിനിധികൾക്ക് കൈമാറാനായി അവ തയ്യാറാക്കി വയ്ക്കുന്നു.

**പ്രവർത്തനം – 11**

**മാലിന്യത്തിൽ നിന്നുള്ള രോഗങ്ങൾ**

**ലക്ഷ്യം**

1. ജൈവ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരുന്നാൽ ഉണ്ടാകുന്ന പകർച്ച വ്യാധികളെക്കുറിച്ച് അറിവ് നൽകൽ.
2. അജൈവ മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പകർച്ചേതരവ്യാധികളെക്കുറിച്ച് അറിവ് നൽകൽ.

മാലിന്യങ്ങൾ ശരിയായി തരംതിരിക്കാതിരിക്കുകയും വലിച്ചെറിയുകയും കത്തിക്കുകയും ഒഴുക്കി വിടുകയും ഒക്കെ ചെയ്യുന്നതിന്റെ ഭാഗമായി ഉണ്ടാകാൻ ഇടയുള്ള പകർച്ച-പകർച്ചേതര വ്യാധികളെക്കുറിച്ച് ലഘു അവതരണം നടത്തുന്നു. പാട്ട്-കളികൾ എന്നിവ കൂടി ഉൾപ്പെടുത്തി ഈ അവതരണം ആകർഷകമാക്കാം. കഥകളുടെ രൂപത്തിലാക്കിയും അവതരിപ്പിക്കാം. ഇതിനായി ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ സഹായം തേടണം.

**പ്രവർത്തനം 12**

**പുനരുപയോഗ സാധ്യതകൾ പരിശീലിക്കൽ**

**ലക്ഷ്യം**

1. അജൈവ പാഴ് വസ്തുക്കളുടെ പുനരുപയോഗ സാധ്യതകൾ മനസ്സിലാക്കുക.
2. അജൈവ വസ്തുക്കൾ വലിച്ചെറിഞ്ഞ് പ്രകൃതിയെ മലിനമാക്കുന്നത് തടയുക.

പാഴ് വസ്തുക്കളിൽ നിന്ന് പ്രയോജനപ്രദമായ സാധനങ്ങൾ ഉണ്ടാ

ക്കിയെടുക്കുന്നതിന്റെ demonstration നടക്കണം. കുട്ടികൾ കൊണ്ടുവന്ന പഴയ സാരി, തുണികൾ എന്നിവ ഉപയോഗിച്ച് എല്ലാ കുട്ടികൾക്കും പെൻസിൽ ചെപ്പ് നൽകാൻ കഴിയണം. ഇതിനായി കുടുംബശ്രീ പ്രവർത്തകരെയും തയ്യൽ മെഷീനുകളും മുൻകൂട്ടി തയ്യാറാക്കി വയ്ക്കണം.

**പ്രവർത്തനം 13**

**ഭാവി പ്രവർത്തന ആസൂത്രണം**

**ലക്ഷ്യം**

1. ബാലസഭാ അംഗങ്ങളെ വാർഡിന്റെ ഗ്രീൻ അംബാസിഡർമാരായി മാറ്റുക.
2. കുട്ടികളിലൂടെ മുതിർന്നവരിലേയ്ക്ക് മാലിന്യ സംസ്കരണം സംബന്ധിച്ച സന്ദേശം പകരുക.

കുട്ടികളെ നേരത്തേയുള്ള 4 ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പും ചുവടെ പറയുന്ന കാര്യങ്ങൾ ചർച്ചചെയ്ത് അവതരണത്തിന് തയ്യാറാവണം.

**മാലിന്യം**

മാലിന്യം ഉണ്ടായാൽ കുഴപ്പം
മാലിന്യം ഇല്ലാതായാൽ
മാലിന്യ നിർമ്മാർജ്ജനത്തിൽ നമ്മുടെ പങ്ക്

**ജലം**

ജലം ഇല്ലാതായാൽ
ജലമുണ്ടെങ്കിൽ
ജലസംരക്ഷണത്തിന്റെ ആവശ്യകതക
ജലസംരക്ഷണത്തിൽ നമ്മുടെ പങ്ക്.

**ഹരിതനിയമങ്ങൾ**

ഏതെല്ലാം തരം നിയമലംഘനങ്ങൾ.
അവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ
കുട്ടികൾക്ക് എങ്ങനെ ഇടപെടാം.

**തുടർ പ്രവർത്തനങ്ങൾ**

ക്യാമ്പിന്റെ തുടർപ്രവർത്തനമായി ആ വാർഡിൽ ഇതുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിക്കണം. വാർഡിന്റെ ഹരിത അംബാസിഡർമാരായി പ്രവർത്തിക്കാൻ സ്വയം ചുമതല ഏറ്റെടുക്കണം. ബാലസഭാ കൂടിച്ചേരലുകളിൽ ഇതിന്റെ അവലോകനം നടത്തണം.

**പ്രവർത്തനം 14**

**സമാപന സമ്മേളനവും നിവേദനം കൈമാറലും**

**ലക്ഷ്യം**

1. കുട്ടികളെ ഹരിത അംബാസഡർമാരാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുക.
2. കുട്ടികളിലൂടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
3. കുട്ടികളുടെ അഭിപ്രായങ്ങളും ഇടപെടലുകളും പ്രാദേശിക ഭരണകൂടം പരിഗണിക്കുന്ന സ്ഥിതി ഉണ്ടാക്കുക.

കുട്ടികൾ തയ്യാറാക്കിയ റിപ്പോർട്ടുകളും നിവേദനങ്ങളും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കുന്നു. നിവേദനങ്ങൾ ജനപ്രതിനിധികൾക്ക് കൈമാറണം. ജനപ്രതിനിധികൾ അവയോട് പ്രതികരിച്ച് സംസാരിക്കട്ടെ. തുടർന്ന് ഒരു പരിസ്ഥിതി ഗാനം പാടി ക്യാമ്പ് സമാപിപ്പിക്കാം.

## വാർഡ്തല ക്യാമ്പ് കാര്യപരിപാടികൾ

**ഒന്നാം ദിവസം**

| | |
|---|---|
| 9.30 am - 10.00 am | : രജിസ്ട്രേഷൻ |
| 10.00 am - 10.30 am | : ഉദ്ഘാടനം-മഞ്ഞുരുക്കൽ (പ്രവർത്തനം 1) |
| 10.30 am -10.45 am | : ജൈവ അജൈവ മാലിന്യം ഉണ്ടാക്കൽ(പ്രവർത്തനം 2) |
| 10.45 am - 11.00 am | : ഗ്രൂപ്പ് തിരിക്കൽ(പ്രവർത്തനം 3) |
| 11.00 am-11.15 am | : ഇടവേള |
| 11.15 am-12.15 pm | : തരംതിരിക്കൽ(പ്രവർത്തനം 4) |
| 12.15 pm-12.45 pm | : ഈണം നൽകലും സംഘാലാപനവും (പ്രവർത്തനം 5) |

12.45 pm- 01.15 pm : ഭക്ഷണമാലിന്യം കുറയ്ക്കലും കൈകാര്യം ചെയ്യലും (പ്രവർത്തനം 6)

01.15 pm-02.00 pm : ഭക്ഷണം

02.00 pm-03.00 pm : ഹരിതനിയമങ്ങൾ(പ്രവർത്തനം 7)

03.00 pm- 4.00 pm : മാലിന്യസംസ്കരണം അവസ്ഥാ പഠനം (പ്രവർത്തനം )

04.00 pm-04.30 pm : കുപ്പയിലെ മാണിക്യം (പ്രവർത്തനം 9)

**രണ്ടാം ദിവസം**

9.30am-10.30 am : ഗ്രൂപ്പ് അവതരണങ്ങൾക്ക് തയ്യാറെടുക്കലും അവതരണങ്ങളും (പ്രവർത്തനം 10)

10.30 am-11.00 am : മാലിന്യത്തിലെ രോഗങ്ങൾ(പ്രവർത്തനം 11)

11.00 am-11.15 am : ഇടവേള

11.15 am-01.15 pm : പുനരുപയോഗ സാധ്യതകൾ പരിശീലിപ്പിക്കുക (പ്രവർത്തനം 12)

01.15 pm-02.00 pm : ഭക്ഷണം

02.00 pm-03.00 pm : ഭാവിപ്രവർത്തനം ആസൂത്രണം(പ്രവർത്തനം13)

03.00 pm- 03.30 pm : സമാപന സമ്മേളനവും നിവേദനം കൈമാറലും (പ്രവർത്തനം 14)

## പരിസ്ഥിതി ഗാനങ്ങൾ

**1. ശുചിത്വ സുന്ദര കേരള സ്വപ്നം(ക്യാമ്പ് ഗീതം)**

താതത്തക്കിട, താതത്തക്കിട
തക്കിട തരികിട തോം..( 2)
നാടാകെ മാലിന്യങ്ങള്
കൂടിക്കൂടി വരുമ്പോള്
ഞാനോന്നുമറിഞ്ഞില്ലെന്നു
നടിച്ചു നടപ്പോരേ
നാടാകെ മുടിക്കുന്നി-
പ്പണി നിർതുന്നില്ലേല്
നാടും കാലാവസ്ഥയുമാകെ
തക്കിടതലതിരിയും..
അയ്യോ തക്കിട തല തിരിയും..

മാലിന്യത്തിന്നളവു കുറക്കണ
മാദ്യം നാമെല്ലാം
പിന്നെയുമുള്ളത് തരംതിരിക്കണ
മൊട്ടും മടിയാതെ

മണ്ണിൽ കലരും മാലിന്യത്തെ
കംപോസ്റ്റാക്കേണം
വളമായ് മണ്ണിൽ ചേർത്തിട്ടസ്സല്
കൃഷിചെയ്തീടാലോ..
കത്തിക്കരുതേ മാലിന്യം
കത്തും നമ്മളുമതിനൊപ്പം..
കത്തിക്കുമ്പോൾ വയുവിലെങ്ങും
കാർബൺ കൂടുമതാണല്ലോ
കാലാവസ്ഥാ മാറ്റം തീർക്കും
വില്ലൻ, നമ്മളതറിയേണം..
വില്ലൻ, നമ്മളതറിയേണം..

**2.ശീലങ്ങൾ**

മാറ്റുക നമ്മുടെ ശീലങ്ങളെ
മാറ്റുക ജീവിത ശൈലികളെ
മാറ്റുക ജീവിത രീതികളെ
മാറ്റുക ജീവിത ബോധത്തെ

മാലിന്യങ്ങൾ നാടെമ്പാടും
ചിതറി ചീഞ്ഞു കിടക്കുന്നു.
മാറാ വ്യാധികൾ വ്യാപകമായി
പെരുകി പെരുകി പടരുന്നു

മാറ്റങ്ങൾക്കൊരു നാന്ദികുറിക്കാൻ
ഇനിയും വൈകിപ്പോയെന്നാൽ
മനുഷ്യരാശിയ്ക്കിനിയൊരു തലമുറ
കോലം കെട്ടൊരു ജന്മങ്ങൾ

ഭാസുരമായൊരു ഭാവിയ്ക്കായ്
ഒരു പുതു രീതി ചമയ്ക്കേണം
വിഷമയമായോരാഹാരങ്ങൾ
വേണ്ടെന്നോതണമിനിയെന്നും

ജീവിതമെന്നത് രോഗം പേറി
നരകക്കുഴിയിൽ തീർക്കരുതേ
ആസ്വദിച്ചു വളരുക വേണം
തണൽമരമായിത്തീരേണം

**3. ധന്യത**

ധന്യമീ ജന്മം മലർച്ചെടിത്തൈയ്യൊന്നു
നട്ടുനനയ്ക്കാൻ കഴിയുമെങ്കിൽ
നട്ടുനനച്ചു വളർത്തി അതിലൊരു
പൂവിരിയിക്കുവാനൊക്കുമെങ്കിൽ
പിന്നെയാ പൂവിന്റെ ചാരത്തുനിന്നതിൽ
ഗന്ധം നുകരുവാനൊരുക്കുമെങ്കിൽ
പൂവിന്റെ സൗരഭം പോലെയി ലോകത്ത്
നന്മകൾ മാത്രം പരത്തുമെങ്കിൽ (3)

**4. മണ്ണും ജീവിതവും**

എന്റെ മണ്ണെന്റെ മണ്ണെന്റെ മണ്ണ്
എൻ പ്രാണനള്ളിപ്പിടിച്ച മണ്ണ്
ഞാനെന്ന സംഭവം പാരിന്നരങ്ങത്ത്
വന്നുദിക്കാനിടം തന്ന മണ്ണ്
എന്റെ വേരോടിയമണ്ണ്, എന്റെ ചില്ലകൾ
കൂമ്പിത്തൊഴുതു നിവർന്ന മണ്ണ്
വിണ്ണിനു നേരെയായ് ഞാനെന്റെ ദീപ്തമാം
പൂവുകൾ പൊക്കിപ്പിടിച്ച മണ്ണ്
പിന്നെയാ പൂവിന്നിതളുകൾ വാടി-
ക്കരിഞ്ഞു ഞെട്ടറ്റു പതിച്ച മണ്ണ്
ഞാൻ തന്നെ നാളെകരിഞ്ഞു പൊടിഞ്ഞഴി-
ഞ്ഞൂർന്നു ലയിച്ചു ചേരേണ്ട മണ്ണ്
എന്റെ മണ്ണെന്റെ മണ്ണെന്റെ മണ്ണ്

എന്റെ ഉടയവനായ മണ്ണ്
വിണ്ണിന്റെ നേർക്കു ഞാൻ കൈനീട്ടി വാങ്ങിയ
വെട്ടവും വർണവും ചൂടുമെല്ലാം
ഈ മണ്ണിനായി ഞാൻ നൽകുമല്ലോ
ഈ മണ്ണിലേക്കു ഞാൻ പകരുമല്ലോ
എന്റെ മണ്ണെന്റെ മണ്ണെന്റെ മണ്ണ്
എന്റെ ഉടയവനായ മണ്ണ്
എന്റെ മണ്ണെന്റെ മണ്ണെന്റെ മണ്ണ്
എൻ പ്രാണനള്ളിപ്പിടിച്ച മണ്ണ്

**5. മുകിൽ**

ഒരു മുകിലിതേ പാടിയലഞ്ഞതു
മാനം കണ്ടില്ലാ
അതുമഴതൂകി തിരികെ പോയതു
അലകളറിഞ്ഞില്ലാ ഈ
കറുകപ്പുള്ളുകളല്ലാതെ-ഈ
ചെറുമലർമൊട്ടുകളല്ലാതെ -ഈ
നറുതേൻ പറവകളല്ലാതെ

**6. മണ്ണ്**

സൂക്ഷിച്ചു നോക്കുക നീങ്ങളീമണ്ണിൽ
നാനാ തരത്തിൽ നിറങ്ങൾ
പച്ചയും നീലയും മഞ്ഞയും കാവിയും
ചോപ്പും കറുപ്പും വെളുപ്പും
ഈ മണ്ണു കാണിയ്ക്ക വയ്ക്കുന്ന പൂക്കൾക്കു-
മുണ്ടാം അനേകം നിറങ്ങൾ
ഈ മണ്ണുപെറ്റ മനുഷ്യർക്കുമാവിധം
നാനാതരത്തിൽ നിറങ്ങൾ
എങ്കിലും പൂവുകൾ പൂവുകൾ
മണ്ണിതു മണ്ണ്
മനുഷ്യൻ, മനുഷ്യൻ
ഏതൊരു കാലത്തുമീയൊരേകത്വം
മറക്കാതിരിക്കണം നമ്മൾ

**7. പുലർകാലത്താരാണ്ടോ പമ്മിപ്പമ്മിപോകണത്..**

പുലർകാലത്താരാണ്ടോ പമ്മിപ്പമ്മിപോകണത്..
അതിയാന്റെ കയ്യിൽ കണ്ടോ പ്ലാസ്റ്റിക്കിന്റെയ പൊതിക്കെട്ട്
അതിനുള്ളിൽ കുത്തിനിറച്ചിട്ടുള്ളതു മുഴുവൻ പിശകാണ്
പിശകാണ് പിശകാണ്..പിശകാ പിശകാ പിശകാ
മണ്ണിൽ ചെന്ന് മണ്ണാകേണ്ട പച്ചക്കറിയുടെ തോലിയും കോരലും
മീനിൻ മുള്ളും ബാക്കിച്ചോറും കൂട്ടിക്കുഴച്ചു വഷളാക്കി
പ്ലാസ്ടിക്കിന്റെ സഞ്ചിയിലിടുവോരാണാരാണാറിയാവോ...
അവരാണമ്പോ മണ്ടന്മാർ ..തിത്തിരു തിരുതിരു മണ്ടന്മാർ
കൊല്ലം നൂറു കഴിഞ്ഞാലും മണ്ണാവാത്ത പ്ലാസ്ടിക്കിൽ
നാളെ നാലു നാളിന്നുള്ളിൽ മണ്ണായ്ത്തീരും മാലിന്യം
കൂടിക്കലർത്തുന്ന മണ്ടത്തരം നാടിനും വേണ്ട നമുക്കും വേണ്ട
മാലിന്യങ്ങൾ തരാം തിരിക്കു കൂട്ടുകാരെ നാട്ടാരെ
തരം തിരിച്ചാൽ മാലിന്യത്തിൻ പ്രശ്നം പാതിയുമൊഴിവായിവായി.